യത്താണ് ഇത് സംഭവിക്കുന്നത്. ഇത്തരം പ്രവൃത്തികളാണ് (RNA) ഉൽപാദനത്തിനും സഹായിക്കുന്നത് ഇത്രയും പറഞ്ഞു വന്നത് നമ്മുടെ രസായനത്തിന്റെ സാധ്യതകളെ അറിയാനാണ്.

”ലാഭോപായോ ഹി ശസ്താനാം
രസാദീനാം രസായനം”

രസാദിധാതുക്കളെ പ്രവൃത്യുൻമുഖമായ ശക്തയിലേക്ക് പ്രയാണം ചെയ്യിക്കുന്ന സംരംഭമാണ് ഇത്.

ഇതുകൊണ്ടാകാം ചരകസംഹിതയിൽ ചികിത്സാസ്ഥാനം തുടങ്ങുന്നതുതന്നെ രസായന പ്രകരണത്തോടെ ആകുന്നത്. രോഗപ്രതിരോധ സംരംഭങ്ങളെ ഇതിൽ നിന്നും ഊഹിച്ചെടുക്കേണ്ടതുണ്ട്. എന്നാൽ ആധുനികകാലത്ത് ജീവിതക്രമങ്ങളിൽ ആഹാരം, വിഹാരം, നിദ്ര, മൈഥുനം, ഇന്ദ്രിയങ്ങളുടെ ഹീനമിത്ഥ്യാദി സമീപനം എന്നിവ കൊണ്ട് വാർദ്ധക്യം ത്വരിതഗതിയിൽ രോഗത്തെ ഗ്രസിക്കാൻ ഇടയുണ്ട്. അപ്പോഴാണ് ചികിത്സയുടെ പ്രാധാന്യം ഏറുന്നതും. എള്ള്, ത്രിഫല, അശ്വഗന്ധ, പുനർന്നവ, ശുദ്ധജലം, പാൽ തുടങ്ങിയവയുടെ പ്രയോഗവും, പലതരം രസായന അവലേഹങ്ങളും ഘൃതങ്ങളും എല്ലാം കോശശുദ്ധിക്കും പോഷണത്തിനും ഉതകുമാറ് യുക്തിയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. കേരളീയ ചികിത്സ എന്നറിയപ്പെടുന്ന കായസേകം, ധാര, ഷാഷ്ടിക പിണ്ഡസേകം, ഉപനാഹം, പിചു തുടങ്ങിയ എല്ലാം ശാസ്ത്രീയമായി അതാതു ഘട്ടങ്ങളിൽ ഉപയുക്താക്കുകയാണെങ്കിൽ വാർദ്ധക്യത്തിലെ ദുഃസ്സഹമായ സാഹചര്യം ഒരു പരിധി വരെ കുറയ്ക്കാവുന്നതാണ്.

***റിട്ട. പ്രിൻസിപ്പാൾ***
***കോട്ടയ്ക്കൽ ആയുർവേദ കോളേജ്***
***ഫോൺ: 9895251393***

# AMMOI മലപ്പുറം ജില്ലാ പൊതുയോഗം



*AMMOI മലപ്പുറം ജില്ലാ പൊതുയോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. പി. രാംകുമാർ സംസാരിക്കുന്നു*

AMMOI മലപ്പുറം ജില്ലാ പൊതുയോഗം 19.8.2023 ശനിയാഴ്ച രാവിലെ 10.00 മണിയ്ക്ക് കോട്ടയ്ക്കൽ ആര്യവൈദ്യശാല കോൺഫ്രൻസ് ഹാളിൽ നടന്നു. മാനേജർ സുരേഷ് സ്വാഗതം പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് ഡോ. പി. രാംകുമാർ സംഘടനാവിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. മെമ്പർമാർക്ക് ക്ലാസ്സെടുക്കാനായി എത്തിച്ചേർന്ന ഡ്രഗ് ഇൻസ്പെക്ടർ ഡോ. റംസിയ്ക്ക് പ്രസിഡന്റ് നന്ദി രേഖപ്പെടുത്തി.

ആയുർവേദ വ്യവസായവുമായി ബന്ധപ്പെട്ട് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് ഭേദഗതികൾ, ലൈസൻസുകൾ പുതുക്കുന്നതിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ, പുതുക്കിയ ലൈസൻസ് ഫീസുകൾ, റിട്ടെൻഷൻ സർട്ടിഫിക്കറ്റ്, ലേബലിങ്, സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും, E-aushadhi, TA Schedule എന്നീ വിഷയങ്ങളെക്കുറിച്ച് ഡ്രഗ് ഇൻസ്പെക്ടർ ഡോ.എ.എൻ.റംസിയ ക്ലാസ്സെടുത്തു. അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

AMMOI മാനേജർ ആയുർവേദ മേഖല നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചും സംഘടനാതലത്തിൽ എടുക്കുന്ന നടപടികളെക്കുറിച്ചും വിശദീകരിച്ചു. AMMOI സജീവമായി ഇടപ്പെട്ടുകൊണ്ടിരിക്കുന്ന വിഷയങ്ങളെക്കുറിച്ച് മെമ്പർമാരോട് സംസാരിച്ചു. 9-ാം സംസ്ഥാന സമ്മേളനം കോഴിക്കോട് നിശ്ചയിച്ച സാഹചര്യത്തിൽ മലപ്പുറം ജില്ലാ കമ്മറ്റിയുടെ പൂർണ്ണ സഹകരണം അഭ്യർത്ഥിച്ചു. ജില്ലാ കമ്മറ്റി പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പ്രസിഡന്റ് ഡോ. പി. രാംകുമാർ കോട്ടയ്ക്കൽ ആര്യവൈദ്യ



*മലപ്പുറം ജില്ലാ പൊതുയോഗ സദസ്സ്*

ശാലയിലെ ഡോ. പി. വിജേഷിനെ ജില്ലാ പ്രസിഡന്റ് സ്ഥാനത്തേക്ക് നിർദ്ദേശിച്ചു. തുടർന്ന് ഐക്യകണ്ഠേന ഡോ. വിജേഷിനെ ജില്ലാ പ്രസിഡന്റായി തിരഞ്ഞെടുത്തു. ജില്ലാ സെക്രട്ടറിയായി ആസിഫ് അലി ഗുരുക്കളേയും ട്രഷററായി വി. വി. സുരേഷിനേയും യോഗം തിരഞ്ഞെടുത്തു. അംഗങ്ങളെല്ലാവരും ഐക്യകണ്ഠേന പുതിയ കമ്മറ്റിയെ അംഗീകരിച്ചു. നിയുക്ത ജില്ലാ പ്രസിഡന്റ് ഡോ. വിജേഷ് മെമ്പർമാരുമായി സംവദിക്കുകയും പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു. 9-ാം സംസ്ഥാന സമ്മേളനത്തിന് മലപ്പുറം ജില്ലാ കമ്മറ്റിയുടെ സഹകരണം സെക്രട്ടറി ആസിഫ് അലി ഗുരുക്കൾ ഉറപ്പ് നൽകി. AMMOI വെബ്സൈറ്റ് നവീകരണത്തിന്റെ ഭാഗമായി മെമ്പർമാരെ പുതിയ Doc Drop പ്രൊജക്ടിനെക്കുറിച്ച് മോഹനകൃഷ്ണൻ വിശദീകരിച്ചു. യോഗത്തിൽ ട്രഷറർ വി.വി. സുരേഷ് നന്ദി രേഖപ്പെടുത്തി.

**AMMOI മലപ്പുറം ജില്ലാ ഭാരവാഹികൾ**

പ്രസിഡന്റ്



ഡോ. പി. വിജേഷ്

സെക്രട്ടറി



ആസിഫ് അലി ഗുരുക്കൾ

ട്രഷറർ



വി.വി. സുരേഷ്

**ഭാരവാഹികൾ**

പ്രസിഡന്റ് - ഡോ. പി. വിജേഷ് (ആര്യവൈദ്യശാല, കോട്ടയ്ക്കൽ)
സെക്രട്ടറി - ആസിഫ് അലി ഗുരുക്കൾ (ചങ്ങംപള്ളി ആയുർവേദ വൈദ്യശാല, മലപ്പുറം)
ട്രഷറർ - വി.വി. സുരേഷ് (സന്തോഷ് ഫാർമസി, മലപ്പുറം)


oushadham
ഔഷധം
വാർഷിക വരിസംഖ്യ : 300/-

Scan 'QR' code to make UPI payment

**AMMOI**
Room No.33, Araffa Tower, Veliyannur Rd, Thrissur
RS.P.O, Thrissur - 680 021, PH: 0487-2423995,
E-mail : ammoiho@gmail.com.

*ആയുർവേദത്തിന് മാത്രം ഒരു പ്രസിദ്ധീകരണം.*
**ഉൾക്കനമുള്ള രചനകൾ, ചികിത്സാനുഭവം**

**A/c details of 'AMMOI'**
A/c Name - AMMOI, STATE BANK OF INDIA , ROUND SOUTH, THRISSUR (70165), Account Number - 57002901625. IFSC Code - SBIN0070165

**A/c details of 'Oushadham'**
A/c Name - OUSHADHAM, SOUTH INDIAN BANK LTD, THRISSUR MAIN, THRISSUR
Account Number - 0085053000009757
IFSC Code - SIBL 0000084.